CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കലാഭവൻ

## ശിൽപവും ശിൽപിയും



സ്മരണിക

എഡിററർ:

മാത്തുക്കുട്ടി ജെ. കുന്നപ്പള്ളി

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വൈദിക കവിയെപ്പററി മഹാകവി

ജി. ശങ്കരക്കുറുപ്പ്

ഭദ്രാലയം, എറണാകുളം-11
10-11-65

അഭിവന്ദ്യ വൈദികനായ ഫാദർ ആബേലിന്റെ ആ സൗഹൃദത്തെ ഞാൻ വിസ്മരിക്കയില്ല. സെപ്റ്റംബറിൽ ഒരു ഞായറാഴ്ച അപരാഹ്നത്തിൽ ഫാദർ എന്റെ വായനമുറിയിൽ ഇരുന്ന്, മലയാളത്തിൽ സ്വയം വിവർത്തനം ചെയ്തിട്ടുള്ള ആരാധനാഗാനങ്ങൾ വായിക്കയും, ആലപിക്കുകയും ചെയ്തു. ഭാവവ്യഞ്ജകമായ ഭാഷയും ഭാവപോഷകമായ രാഗവിശേഷവും എനിക്ക് അത്യന്തം ഹൃദയംഗമമായിത്തോന്നി. ലാളിത്യവും സാരള്യവും ലാഘവവും ആണ് ആരാധനയുടെ മൊഴിക്കുവേണ്ടത്. വിവർത്തകൻ സവിശേഷശ്രദ്ധപതിപ്പിച്ചിട്ടുണ്ട്, ഈ വിഷയത്തിൽ.

ഭക്തിയും, ശോകവും, വിശ്വാസവും പ്രതീക്ഷയും നിറഞ്ഞ പാവനമായ ഒരന്തരീക്ഷമുണ്ട്, ഈ ആരാധനാഗാനങ്ങളിൽ. ചില വാക്കുകളെക്കുറിച്ചോ, രീതിധർമ്മങ്ങളെക്കുറിച്ചോ ഞങ്ങൾക്കു സംസാരിക്കേണ്ടിവന്നിട്ടുണ്ട്, അങ്ങുമിങ്ങും. ഫാദർ അതു പരിഗണിച്ചിട്ടുണ്ടെന്നാണ് എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞത്.

ആരാധനയ്ക്കു മാതൃഭാഷ അംഗീകരിച്ചു തുടങ്ങിയതുകൊണ്ട് മലയാളഭാഷയ്ക്കും സാഹിത്യത്തിനും വികാസവും സമ്പന്നതയും ഏറിവരുമെന്നാണ് ഞാൻ വിശ്വസിക്കുന്നതെന്നുകൂടി അറിയിച്ചുകൊള്ളട്ടെ.

ജി. ശങ്കരക്കുറുപ്പ്

christianmusicologicalsocietyofindia